**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 365** **09-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിലെ കുട്ടികൾക്ക് പഠന സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാർശ്വവത്ക്കരിക്കപ്പെട്ട കുട്ടികളുടെ സാമൂഹിക, സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി പ്രത്യേക ഇടപെടൽ നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് ആദിവാസി ,തീരദേശ , പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ യുള്ള എല്ലാ മേഖലകളിലുമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണ ങ്ങളുടെയും ഇന്റർനെറ്റിന്റേയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ,സ്വകാര്യവ്യക്തികൾ, സന്നദ്ധസംഘടനകൾ, പൂർവ്വ-വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ/ എസ്.എം.സി തുടങ്ങിയ വരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വീടുകളിലിരുന്ന് ഡിജിറ്റൽ ക്ലാസ്സുകൾ കാണാൻ സൗകര്യമില്ലാത്ത കുട്ടികൾക്കായി അയൽ പക്ക പഠന കേന്ദ്രങ്ങളും, സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഊരു വിദ്യാ കേന്ദ്രങ്ങളും പ്രവർത്തിക്കു ന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികളെ സഹായിക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് എസ്.ടി പ്രൊമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. മലയോര മേഖല കളിലും, ഇടുക്കി, വയനാട്,പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങ ളിൽ വൈദ്യുതി, ഇന്റർ നെറ്റ്കണക്ഷൻ,കേബിൾ കണക്ഷൻ ദൗർലഭ്യം നേരിടുന്നുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബിയുടെയും അനർട്ടിന്റെയും സഹായത്തോടെ വൈദ്യുതി എത്തിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നടപടികളും ഇന്റർനെറ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുടെ സഹായത്തോടെ ടവറുകൾ സ്ഥാപിക്കുന്നതിന്റെയും നിലവിലുള്ള പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. കൂടാതെ 2018-19 അധ്യയന വർഷം മുതൽ സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി Special Enrichment Programme for the students in tribal, Coastal and Plantation areas എന്ന പേരിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് പഠനാവസരം ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ആദിവാസി ,തീരദേശ , പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ യുള്ള എല്ലാ മേഖലകളിലുമുള്ള കുട്ടികൾക്ക് ഡിജിറ്റൽ ഉപകരണ ങ്ങളുടെയും ഇന്റർനെറ്റിന്റേയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ,സ്വകാര്യവ്യക്തികൾ, സന്നദ്ധസംഘടനകൾ, പൂർവ്വ-വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ/ എസ്.എം.സി തുടങ്ങിയ വരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വീട്ടുകളിലിരുന്ന് ഡിജിറ്റൽ ക്ലാസ്സുകൾ കാണാൻ സൗകര്യമില്ലാത്ത കുട്ടികൾക്കായി അയൽ പക്ക പഠന കേന്ദ്രങ്ങളും, സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ ഊരു വിദ്യാ കേന്ദ്രങ്ങളും പ്രവർത്തിക്കു ന്നുണ്ട്. പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികളെ സഹായിക്കുന്നതിനായി പട്ടിക വർഗ്ഗ വികസന വകുപ്പ് എസ്.ടി പ്രൊമോട്ടർമാരെയും നിയമിച്ചിട്ടുണ്ട്. മലയോര മേഖല കളിലും, ഇടുക്കി, വയനാട്,പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങ ളിൽ വൈദ്യുതി, ഇന്റർ നെറ്റ്കണക്ഷൻ,കേബിൾ കണക്ഷൻ ദൗർലഭ്യം നേരിടുന്നുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ കെ.എസ്.ഇ.ബിയുടെയും അനർട്ടിന്റെയും സഹായത്തോടെ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളും ഇന്റർനെറ്റ് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളുടെ സഹായത്തോടെ ടവറുകൾ സ്ഥാപിക്കുന്നതിന്റെയും നിലവിലുള്ള പ്രസരണ ശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികളും യുദ്ധകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. കൂടാതെ |

| | | | |
|---|---|---|---|
| | | | 2018-19 അധ്യയന വർഷം മുതൽ സംസ്ഥാനത്ത് ആദിവാസി, തീരദേശ, പ്ലാന്റേഷൻ മേഖലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി Special Enrichment Programme for the students in tribal, Coastal and Plantation areas എന്ന പേരിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പ്രത്യേക പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ